**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 298** — **02-03-2023 - ൽ മറുപടിയ്ക്ക്**

**ഇന്ധന സെസ്സ് മൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന അധിക ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . പി . ഉബൈദുള്ള | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ പെട്രോളിനും ഡീസലിനും ഏർപ്പെടുത്താനുദ്ദേശിക്കുന്ന സെസ്സ് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാർ പെട്രോളിനും ഡീസലിനും ഏർപ്പെടുത്താനുദ്ദേശിക്കുന്ന സെസ്സ് കെ.എസ്.ആർ.ടി.സി.യുടെ ഇന്ധന ചെലവിനത്തിൽ വർദ്ധനവിന് ഇടയാക്കുന്നതാണ്.<br><br>ഇന്ധന വിലയിൽ ഉണ്ടാകുന്ന വർദ്ധനവ് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനങ്ങളെ എപ്പോഴും പ്രതികൂലമായി ബാധിക്കാറുണ്ട്. |
| (ബി) | ഇതുമൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന അധിക ചെലവ് കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ഒരു ദിവസം 3.30 ലക്ഷം ലിറ്റർ ഡീസലാണ് ആവശ്യമുള്ളത്. ഒരു ലിറ്റർ ഡീസലിന് ഓരോ രൂപ വർദ്ധിയ്ക്കുമ്പോൾ പ്രതിദിനം 3.30 ലക്ഷം രൂപയും, മാസം ഏകദേശം ഒരു കോടി രൂപ വരെ ഡീസൽ വാങ്ങുന്ന വകയിൽ അധിക ചെലവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇപ്രകാരം ഉണ്ടാകുന്ന അധിക ചെലവ് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇന്ധന സെസ്സ് മൂലമുണ്ടാകുന്ന അധിക ചെലവ് കൂടുതൽ ഇലക്ട്രിക്, ഹരിത ഇന്ധന ബസ്സുകളുൾപ്പെടെയുള്ളവ നിരത്തിലിറക്കിയും ഇന്ധന ചെലവ് ക്രമീകരിച്ചും മാത്രമേ നേരിടാൻ സാധിക്കുകയുള്ളൂ.<br><br>അടിക്കടി ഉണ്ടാകുന്ന ഇന്ധന വില വർദ്ധനവ് പരിഹരിക്കുന്നതിന് പുതിയ ഇലട്രിക് / സി.എൻ.ജി ബസ്സുകൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്തും ഇന്ധന ചെലവ് കുറയ്ക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ കെ.എം.പി.എൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ